**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1697** **08-10-2021 - ൽ മറുപടിയ്ക്ക്**

**അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | അസാപ് സ്കിൽ ഡെവലപ്മെന്റ് സെന്റർ ജി.വി.എച്ച്.എസ്.എസ്.കൽപ്പറ്റ, കൽപ്പറ്റ നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്നു. ഈ സ്കിൽ സെന്ററിന്റെ കീഴിൽ 13 വിദ്യാലയങ്ങൾ ഉണ്ട്. 2019-2020 വരെ, 13 സ്കൂളുകളിൽ നിന്നായി 2107 കുട്ടികൾക്ക് സൗജന്യമായി കമ്മ്യൂണിറ്റിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനം, ആശയവിനിമയ ശേഷി വികസിപ്പിക്കുന്നതിനും വിവരസാങ്കേതിക വിദ്യയിലെ നൈപുണ്യം വികസിപ്പിക്കുവാനുമായി നൽകുകയുണ്ടായി. 2019-2020-ൽ കോവിഡ് കാരണം കോഴ്സുകൾ പൂർണതോതിൽ പൂർത്തീകരിക്കുവാൻ സാധിച്ചില്ല. കൽപ്പറ്റ മണ്ഡലത്തിലെ മുട്ടിൽ ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീയുമായി ചേർന്ന് Connect to work എന്ന പേരിട്ട നൈപുണ്യ വികസന പരിശീലന പരിപാടിയിലൂടെ 13 പേർക്ക് പരിശീലനം നൽകുകയുണ്ടായി. |
| (ബി) | അസാപ് മുഖേന പരിശീലനം ലഭിച്ചവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) | നിലവിൽ ഇത്തരം പദ്ധതികൾ ഇല്ലാത്തതിനാൽ Startup Ecosystem and Entrepreneurial Development (SEED) എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനായി അസാപ് വഴി പരിശീലനം ലഭിച്ച വിദ്യാർത്ഥികൾക്ക് പിന്തുണയും മാർഗ നിർദ്ദേശങ്ങളും നൽകുന്നതും, പുതിയ സംരംഭകത്വം ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതും പരിശോധിച്ചുവരുന്നു. |
| (സി) | സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി വയനാട് ജില്ലയിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അസാപ് മുഖേന പ്രത്യേക പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (സി) | ആദിവാസി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് അനുയോജ്യമായ ഹൈ ഓർഡർ സ്കിൽസിൽ ട്രെയിനിങ് നടപ്പിലാക്കുവാൻ ട്രൈബൽ ഡിപ്പാർട്ട്മെന്റിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ